ജനങ്ങളെ ആയുധസജ്ജമാക്കുകയുംചെയ്യുന്നു. ഇതിന്റെയെല്ലാം ഫലം നക്സലൈററുകളെപ്പററി രാമറാവു പറയുന്നതൊന്നും ആരും വിശ്വസിക്കുന്നില്ലെന്നതാണ്'' (ഡെക്കാൻ ഹെറാൾഡ്, ഏപ്രിൽ 30, 1989).

## 22. ഗുണ്ടാരാജ്

ആന്ധ്രപ്രദേശിൽ ഒരു കോൺഗ്രസ് എം. എൽ. എ. ആയിരുന്ന മോഹനരംഗറാവുവും രണ്ട് അനുയായികളും ഡിസംബർ 26-ാം തീയതി രാത്രി വിജയവാഡയിൽ വധിക്കപ്പെട്ടു. മഴു, കുന്തം, നാടൻബോംബ് തുടങ്ങിയ ആയുധങ്ങളേന്തിയ അറുപതോളം ആളുകൾ ഒരു ജീപ്പിലും രണ്ടു കാറുകളിലും മൂന്ന് സിററിബസ്സുകളിലും കയറിവന്നാണ് ആന്ധ്രപ്രദേശ്, സർക്കാരിനെതിരെ നിരാഹാരവ്രതം അനുഷ്ഠിക്കുകയായിരുന്ന റാവുവിനെയും അനുയായികളെയും വെട്ടിയും കുത്തിയും കൊന്നത്. തോക്കേന്തിയ രണ്ടു് അംഗരക്ഷകരെ റാവുവിന് സർക്കാർ അനുവദിച്ചുകൊടുത്തിരുന്നു. പക്ഷേ, റാവുവിനെ രക്ഷിക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ അവർക്കു സാധിച്ചില്ല. കർഷകത്തൊഴിലാളികളുടേതായ 'കാപ്പു' എന്ന ജാതിയിൽ പിറന്ന ആളായിരുന്നു റാവു. റാവുവിന്റെ ശത്രുവും ഭരണകക്ഷിയായ തെലുഗുദേശം പാർട്ടിയിൽപ്പെട്ട ഒരു എം. എൽ. എ.യും ആയ ദേവിനേനി രാജശേഖർ നെഹ്റു ആണ് ഈ വധങ്ങളുടെ പിന്നിൽ എന്നു സംശയിക്കപ്പെട്ടു. ഭൂവുടമകളുടേതായ 'കമ്മ' എന്ന ജാതിയിൽ ജനിച്ച ആളാണ് രാജശേഖർ (മുഖ്യമന്ത്രി എൻ. ടി. രാമറാവുവും ഒരു 'കമ്മ'തന്നെ). തുടർന്നുള്ള ചില ദിവസങ്ങളിൽ ആന്ധ്രപ്രദേശിലെ തീരദേശജില്ലകളിൽ വ്യാപകമായ രീതിയിൽ കൊല, കൊള്ളിവയ്പ്, കവർച്ച എന്നിവ അരങ്ങേറി. സാമാന്യമായി സക്കാരിനും സർക്കാരിനെ അനുകൂലിക്കുന്ന തെലുഗുദേശം പാർട്ടിയിൽപ്പെട്ടവർക്കും പ്രത്യേകമായി കമ്മ ജാതിക്കാർക്കും എതിരായിരുന്നു ഈ അക്രമം. പല നഗരങ്ങളിലും നിയമവാഴ്ച തീരെ തകർന്നുപോയതായിത്തോന്നി. കോടിക്കണക്കിനു രൂപ വിലവരുന്ന സ്വത്ത് നഷ്ടപ്പെട്ടു. പലരും മരിച്ചു. രാജശേഖറെ പിന്നീട് അറസ്റ്റ് ചെയ്തിട്ടുണ്ട്.

ദില്ലിയിൽനിന്നു പതിനഞ്ചു കിലോമീററർ ദൂരെ ഉത്തർപ്രദേശിൽപ്പെട്ട 'സാഹിബാബാദ്'' എന്ന ചെറു പട്ടണത്തിൽവെച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു സക്രിയപ്രവർത്തകനും 'ജനനാട്യമഞ്ച്'' എന്ന നാടകവേദിയുടെ സ്ഥാപക-ഡയറക്ടറും ആയിരുന്ന സഫ്ദർ ഹാഷ്മി ജനുവരി 1-ാം തീയതി വൈകുന്നേരം വധിക്കപ്പെട്ടു. സാഹിബാബാദിലെ സി. ഐ. ടി. യു. വിന്റെ ക്ഷണം സ്വീകരിച്ച് അവിടത്തെ ഒരു തെരുവിൽ 'ഹല്ലാബോൽ' എന്ന തെരുവുനാടകം കളിച്ചുകൊണ്ടിരുന്നതിനിടയിലാണ് ഒരു ചെറിയ ആൾക്കൂട്ടത്താൽ ഹാഷ്മിയും സംഘവും ആക്രമിക്കപ്പെട്ടത്. സാഹിബാബാദ് നഗരസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയാണ്. കോൺഗ്രസ് പിന്തുണയോടെ ഈ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു വ്യക്തിയാണ് ഹാഷ്മിയെ വധിച്ച ആൾക്കൂട്ടത്തിന് നേതൃത്വം നൽകിയതെന്നു പറയപ്പെടുന്നു. ലാത്തികളും ഇരുമ്പുവടികളും ഏന്തിയ ജനക്കൂട്ടം തങ്ങളെ വളഞ്ഞപ്പോൾ തെരുവുനാടകസംഘം തൊട്ടടുത്തുള്ള സി. ഐ. ടി. യു. ആപ്പീസിൽ അഭയം തേടി. ആപ്പീസും ആക്രമിക്കപ്പെട്ടപ്പോൾ തന്റെ പത്നി മലയശ്രീ അടക്കമുള്ള നാടകസംഘാംഗങ്ങൾക്ക് അടുത്തുള്ള ഒരു വീട്ടിലൂടെ രക്ഷപ്പെടുന്നതിനുള്ള അവസരം നൽകിക്കൊണ്ട് സഫ്ദർ ഹാഷ്മി അക്രമിസംഘത്തെ ചെറുത്തുനിന്നു. തലയിലടിയേററ് റോഡിൽ വീണുകിടന്ന അദ്ദേഹത്തെ കണ്ടെടുത്ത് ദില്ലിയിലെ രാംമനോഹർ ലോഹിയ ആസ്പത്രിയിലെത്തിച്ചത് പിറേറന്നു വൈകുന്നേരം

അഞ്ചു മണിക്കായിരുന്നു. ഇന്ത്യയിലെങ്ങുമുള്ള സാംസ്കാരിക പ്രവർത്തകരും കലാകാരന്മാരും ഹാഷ്മിയുടെ വധത്തിൽ അമർഷം രേഖപ്പെടുത്തിയിട്ടുണ്ട്.

നോക്കിയിരിക്കെ ഇന്ത്യയിലെ ജനാധിപത്യം ഗുണ്ടാ ആധിപത്യമായി മാറുന്നു എന്നാണ് വിജയവാഡയിൽ മോഹനരംഗറാവുവിൻെറയും സാഹിബാബാദിൽ ഹാഷ്മിയുടെയും വധത്തിൽനിന്നു നാം പഠിക്കേണ്ട പാഠം. പൂച്ച കറുത്തതോ വെളുത്തതോ എന്നതല്ല, അതു് എലിയെ പിടിക്കുന്നുണ്ടോ എന്നതാണ് പ്രശ്നമെന്ന അർത്ഥത്തിൽ ചീനയിലെ നേതാവായ ഡെങ്ങ്സ്യാവോപിങ്ങിൻെറ പ്രസിദ്ധമായ ഒരു ചൊല്ലുണ്ടല്ലോ. ഗുണ്ടയെ സംബന്ധിച്ചിടത്തോളം അന്വേഷിക്കാനുള്ളതു് അയാൾ ഏതു പാർട്ടിക്കാരനാണ് എന്നതല്ല; കൊലയിലും കൊള്ളയിലും കൊള്ളിവയ്പ്പിലും അയാൾക്ക് എത്രമാത്രം വൈദഗ്ദ്ധ്യം ഉണ്ട് എന്നതു മാത്രമാണ്. ഇന്ത്യയിലെ ഏതു രാഷ്ട്രീയപ്പാർട്ടിയിലും നിങ്ങൾക്ക ഗുണ്ടകളെ കാണാം. ചില രാഷ്ട്രീയപ്പാർട്ടികളെ, അല്ലെങ്കിൽ പാർട്ടികളുടെ പ്രാദേശിക ഘടകങ്ങളെ നിയന്ത്രിക്കുന്നതുതന്നെ ഗുണ്ടകളാണ് എന്ന നില വന്നിരിക്കുന്നു. എവിടെയും തെരുവിലെ ജീവിതത്തെ നിയന്ത്രിക്കുന്നതു് അവരാണ്. ആർക്ക് വോട്ടു നൽകണമെന്നും ആരെ നിയമസഭയിലയയ്ക്കണമെന്നും മാത്രമല്ല, ആർ സംസാരിക്കണമെന്നും എന്തു സംസാരിക്കണമെന്നും നിർണയിക്കുന്നതു് പലപ്പോഴും പല ഇടങ്ങളിലും ഗുണ്ടകൾ ആകുന്നു. ഇന്ത്യയിൽ ജീവിക്കാനുള്ള സാധാരണജനങ്ങളുടെ അവകാശം ഗുണ്ടകളുടെ മൗനാനുവാദത്തെ ആശ്രയിച്ചിരിക്കുന്നു. സർക്കാരോ? എന്തു സർക്കാർ? ഏതു സർക്കാർ?

ഇന്ത്യയിൽ എല്ലായിടത്തും ഒരുപോലെ ഈ നില വന്നുചേർന്നിട്ടുണ്ടെന്നല്ല ഞാൻ പറയുന്നതു്. പക്ഷേ, എവിടെയും ഈ നില ഇന്നല്ലെങ്കിൽ നാളെ വന്നുകൂടായ്കയില്ല. ഗുണ്ടകൾക്കെതിരായ ശക്തികൾ—പണം, പദവി, രാഷ്ട്രീയാധികാരം, ജനാധിപത്യസംഘടന, ജനങ്ങളുടെ ന്യായബോധം, സ്വാശ്രയശീലം, ആത്മവിശ്വാസം മുതലായതെല്ലാം—ക്രമേണ ദുർബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമതലംമുതൽ തലസ്ഥാനതലംവരെ ഗുണ്ടകളുടേതായ ഒരു സമാന്തര—അധികാര—നിശ്രേണി ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഗുണ്ടകൾക്ക് ഇന്ത്യയിലെവിടെയും ആരെ വേണമെങ്കിലും ആക്രമിക്കാം; തട്ടിക്കൊണ്ടുപോകാം; പണം പിടുങ്ങാം; കൊള്ളയടിക്കാം; ബലാത്സംഗംചെയ്യാം; കൊല്ലുകയുമാവാം. കററസ്ഥലത്തുനിന്നു നിമിഷനേരംകൊണ്ടു് അപ്രത്യക്ഷരാകാനും പിന്നീടു് തങ്ങളുടെ ആവശ്യം ഇല്ലാതാകുന്നതുവരെ ആ സ്ഥലത്തു പ്രത്യക്ഷപ്പെടാതിരിക്കാനുമുള്ള അത്ഭുതവിദ്യ (ആത്മരക്ഷോപായം എന്നും പറയാം) നമ്മുടെ പോലീസുകാർ വശമാക്കിക്കഴിഞ്ഞിട്ടുണ്ടു്. പ്രിയപ്പെട്ട വായനക്കാരേ, നിങ്ങൾ വീടുകളിൽ സുഖമായി കിടന്നുറങ്ങുന്നുണ്ടെങ്കിൽ അതിനു നിങ്ങൾ കടപ്പെട്ടിട്ടുള്ളതു് സ്ഥലത്തെ പ്രധാന ഗുണ്ടയുടെ സൽബുദ്ധിയോടാണെന്നു് എപ്പോഴും ഓർക്കുക.

വിജയവാഡയിലെയും സാഹിബാബാദിലെയുംപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോഴാണ് ക്രൂരമായ ഈ യാഥാർത്ഥ്യം നമുക്കു ബോധ്യപ്പെടുന്നതു്. വിജയവാഡയിൽ മരിച്ച എം. എൽ. എ.യും കൊലക്കുററം ആരോപിച്ചു് അറസ്റ്റു് ചെയ്യപ്പെട്ട എം. എൽ. എ.യും ക്രിമിനൽക്കുററങ്ങളുടെയും കൊലപാതകങ്ങളുടെയും പാരമ്പര്യം പുലർത്തുന്നവരും വലിയ ഗുണ്ടാസംഘങ്ങളുടെ തലവന്മാരുമാണ് എന്നു പറയപ്പെടുന്നു. അവർക്ക് അഭയം നൽകാനോ അവരുടെ ഗുണ്ടാസംഘങ്ങളുടെ മാംസപേശീശക്തി സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനോ, കോൺഗ്രസ്സിനോ, കോൺഗ്രസ്സിനെ എതിർക്കുന്ന തെലുഗുദേശം പാർട്ടിക്കോ യാതൊരു മനസ്സാക്ഷിക്കുത്തും അനുഭവപ്പെടുകയുണ്ടായില്ല. സാഹിബാബാദിലെ കൊലയുടെ ഉത്തരവാദിത്തം കോൺഗ്രസ് പാർട്ടി നിഷേധിച്ചിട്ടുണ്ടു്; ആ കൊലയെ കോൺഗ്രസ് നേതാക്കൾ അപലപിച്ചിട്ടുമുണ്ടു്. എന്നാലും മരിച്ച വ്യക്തി മാർക്സിസ്റ്റുകാരനും മരിച്ച സാഹചര്യം തിരഞ്ഞെടുപ്പിൻേറതും

ആണെന്ന വസ്തുത അവശേഷിക്കുകതന്നെചെയ്യുന്നു. ഹാഷ്മിയുടെ വധത്തിലേക്കു നയിച്ച സംഭവങ്ങൾ തീർച്ചയായും രാഷ്ട്രീയപ്രേരിതങ്ങളാണ്. അവയിൽ പ്രധാന പങ്ക് കോൺഗ്രസ്സിൻെറ സഹായത്തോടെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥിക്കുണ്ടായിരുന്നു എന്നതും വ്യക്തമാണ്.

മുഖ്യമായും നഗരസംസ്കാരത്തിൻെറ സന്താനമാണ് ഗുണ്ടാ. ദാരിദ്ര്യംകൊണ്ടോ യാലും രക്ഷിതാക്കളുടെ അശ്രദ്ധകൊണ്ടായാലും പഠിപ്പിലെ രസഹീനതകൊണ്ടോ യാലും സ്കൂളുകളിൽനിന്ന് ചോർന്നു തെരുവുമൂലകളിലെ തെമ്മാടിക്കൂട്ടങ്ങളിൽ അടിഞ്ഞുകൂടുന്ന കുട്ടികളാണ് ക്രമേണ ഗുണ്ടാവൃത്തങ്ങളിലെത്തിപ്പെടുന്നത്. പ്രയോജനകരമായ എന്തെങ്കിലും തൊഴിൽ ചെയ്യാൻ വേണ്ട സാങ്കേതിക പരിജ്ഞാനമില്ലാത്ത ഇവർ പോക്കററടി, മോഷണം, കള്ളച്ചാരായവില്പന മുതലായ ചെറു കററങ്ങളിലൂടെ മുന്നേറി വൻകിട കററവാളിസംഘങ്ങളിൽ കടന്നുകൂടുന്നു. സമ്പന്നജീവിതത്തിലെ സുഖഭോഗാകർഷണങ്ങളെപ്പററി ഇവർ സിനിമയിൽ നിന്നും ഇപ്പോൾ ടെലിവിഷനിൽനിന്നും മനസ്സിലാക്കുന്നു. അധികാരവും പണവും പദവിയും നേടുന്നതിന് അക്രമത്തെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന കാര്യത്തിലും സിനിമ ഇവർക്കു സാധനപാഠങ്ങൾ നൽകുന്നു. കള്ളച്ചാരായവ്യാപാരം, മയക്കുമരുന്നുവിതരണം, കള്ളക്കടത്ത്, വ്യഭിചാരശാല നടത്തിപ്പ്, കൊള്ള മുതലായ വൻകിട കററങ്ങൾ നടത്തുന്ന 'മാഫിയ'കളിലെത്തിപ്പെടുന്നതോടെ ഇവരിൽ ചിലരെങ്കിലും തങ്ങളുടേതായ ജീവിതസാഫല്യമേഖല കണ്ടെത്തുന്നു. അവർ സ്വന്തമായ ഗുണ്ടാസംഘങ്ങൾ രൂപവല്ക്കരിക്കുന്നു. തങ്ങളുടെ പ്രവർത്തനങ്ങൾക്ക് പോലീസിൻെറയും രാഷ്ട്രീയപ്പാർട്ടികളുടെയും സംരക്ഷണം ലഭ്യമാക്കേണ്ടതെങ്ങനെ എന്ന് അനുഭവത്തിലൂടെ മനസ്സിലാക്കുന്നു. രാഷ്ട്രീയപ്പാർട്ടികൾക്കു സംഭാവനകൾ നൽകിയും അവരുടെ ചട്ടുകങ്ങളായി പ്രവർത്തിച്ചും മടുക്കുമ്പോൾ ഇവരിൽ ചിലർ മറ നീക്കി രാഷ്ട്രീയനേതാക്കളായി സ്വയം ചമഞ്ഞു രംഗത്തു വരുന്നു.

ഒരു വശത്ത് ഇത്തരക്കാർ അസാധാരണമായ ഔദാര്യവും സാധുക്കളോട് അനുകമ്പയും പ്രദർശിപ്പിക്കുന്നു. അങ്ങനെ തൊഴിലില്ലാത്തവരുടെയും പട്ടിണിക്കാരുടെയും ആരാധന ഇവർ നേടിയെടുക്കുന്നു. മറുവശത്ത് തങ്ങളുടെ എതിരാളികളോട് ഒടുങ്ങാത്ത പകയും ചെന്നായ്ക്കളുടേതുപോലുള്ള നൃശംസതയും ഇവർ പുലർത്തുന്നു. പ്രത്യേക തരത്തിലുള്ള മാനസിക വൈകല്യങ്ങൾ ഇവരിൽ ചിലർ പ്രകടമാക്കുന്നു. ഒന്നിനു പുറകെ ഒന്നായി അനേകം യുവതികളെ കൊന്ന് സ്വന്തം പുരത്തറയ്ക്കു കീഴിൽ കുഴിച്ചിട്ടവരെയും എതിരാളികളുടെ കുടുംബത്തിലെ സ്ത്രീകളും കുട്ടികളുമടക്കമുള്ള എല്ലാ അംഗങ്ങളെയും ചുട്ടും കുത്തിയും കൊലപ്പെടുത്തിയവരെയും പ്രത്യേകതരം പീഡനമുറകൾ നിസ്സഹായരായ ഇരകളിൽ പ്രയോഗിക്കുന്നതിൽ ആനന്ദിക്കുന്നവരെയും ഒക്കെ ഇക്കൂട്ടത്തിൽ നമുക്കു കാണാം. മററു ചിലരാകട്ടെ അസൂയാവഹമായ സംഘടനാശേഷിയും ബുദ്ധികൗശലവും പ്രദർശിപ്പിക്കുന്നു. നികുതി വെട്ടിപ്പ്, ചുങ്കം വെട്ടിപ്പ്, കള്ളച്ചെക്കെഴുതി ബാങ്കുകളിൽനിന്നു പണം തട്ടൽ, വിദേശനാണയ വിനിമയ നിയമലംഘനം മുതലായ 'വെള്ളക്കോളർക്കുററ'ങ്ങളിൽ ഇത്തരക്കാർ നേടുന്ന വൈദഗ്ദ്ധ്യം നമ്മെ അമ്പരപ്പിക്കുന്നു. ഇവരിൽ ചിലർ അന്താരാഷ്ട്രീയ ബിസിനസ് ശൃംഖലകൾ സ്ഥാപിക്കുന്നതായും കാണുന്നു.

വലിയ നഗരങ്ങളിലെ 'മാഫിയ'കളിൽ പ്രവേശനം ലഭിക്കാത്ത ഗുണ്ടകൾ ചെറിയ നഗരങ്ങളിൽ അൽപ്പം രാഷ്ട്രീയവും അധികം കററകൃത്യങ്ങളുമായി കഴിഞ്ഞുകൂടുന്നു. അതിനും സാമർത്ഥ്യമില്ലാത്തവരാണു വെറും മോഷ്ടാക്കളും പിടിച്ചുപറിക്കാരും മററുമായി മാറുന്നത്. ഇവരിൽ ചിലർ കൊള്ളക്കാരായി പരിഷ്കൃതജീവിതത്തിൽനിന്ന് അകന്ന് കററിക്കാടുകളിലും തരിശുനിലങ്ങളിലും താവളം കണ്ടെത്തുന്നു.

പോലീസുകാരുടെ സഹകരണമാണ് ഗുണ്ടകളെ വളർത്തിക്കൊണ്ടുവരുന്നത്. ഗുണ്ടകളുടെ പണം പോലീസുകാർക്കു കയ്പുകയില്ല. മാത്രമല്ല, സ്വന്തം

കൃത്യം നിരപായമായി നിർവഹിക്കുന്നതിനുതന്നെ ഗുണ്ടകളുടെ സഹായം അനുപേക്ഷണീയമെന്ന് പോലീസുകാർക്കറിയാം. ഇനി ചില പോലീസുകാർ ഗുണ്ടകൾക്കെതിരായാൽത്തന്നെ പോലീസ്സുകാർക്ക് ഉപരി രാഷ്ട്രീയക്കാരുടെ സംരക്ഷണം ഗുണ്ടകൾ നേടിയെടുക്കുന്നു. തിരഞ്ഞെടുപ്പുകളിൽ കള്ളവോട്ടുകൾ ചെയ്യിക്കാനും ബൂത്തുകൾ പിടിച്ചെടുക്കാനും എതിർ സ്ഥാനാർത്ഥികളെയും അവരുടെ വോട്ടർമാരെയും ഭീഷണിപ്പെടുത്താനും രാഷ്ട്രീയക്കാർ—ചിലരെങ്കിലും—ഗുണ്ടകളെ ഉപയോഗപ്പെടുത്തുന്നു. സ്വന്തം പാർട്ടിയെ തുണയ്ക്കുന്ന ഗുണ്ടകളെ ഇവർ 'മിലിട്ടൻറ്'' എന്നു വിശേഷിപ്പിക്കുന്നു. മററു പാർട്ടികളിലാവുമ്പോൾ ഈ 'മിലിട്ടൻറുകൾ'തന്നെ ഗുണ്ടകളായിത്തീരുന്നു. രാഷ്ട്രീയക്കാരെന്നപോലെ വൻകിട കൺട്രാക്ടർമാർ, മുതലാളിമാർ മുതലായവരും പലപ്പോഴും സ്വന്തം ഗുണ്ടാസംഘങ്ങളെ പുലർത്തുന്നു.

ജനാധിപത്യജീവിതത്തിൻെറ ഈ അധഃപതനത്തിനെതിരെ നാം ശക്തിയായി പ്രതികരിക്കേണ്ടിയിരിക്കുന്നു. ഗുണ്ടകളെ പത്രങ്ങൾ മഹത്വപ്പെടുത്താതിരിക്കുക, അവരെ ഗുണ്ടകളായിത്തന്നെ ചിത്രീകരിക്കുക. അവർക്കെതിരെ പൊതുജനാഭിപ്രായം ശക്തിപ്പെടുത്തുക. ഗുണ്ടകൾക്ക് അഭയം നൽകുകയും അവരെ തല്ക്കാലത്തെ നിസ്സാര താല്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയുംചെയ്യുന്ന രാഷ്ട്രീയപ്പാർട്ടികളോട് എല്ലാവരും നിസ്സഹകരിക്കുക. നാം നെഞ്ചേററി ലാളിക്കുന്ന ഒരു മൂല്യവും ഗുണ്ടാരാജിനു കീഴിൽ പുലരുകയില്ലെന്നു വ്യക്തമായി മനസ്സിലാക്കുക.

13 ജനുവരി, 1989

# 23. ബോഡോലാൻഡ്

അസം സംസ്ഥാനത്തിൻെറ താഴ്വരപ്രദേശങ്ങളിൽ, ബ്രഹ്മപുത്രനദിക്കു വടക്ക് ഗോത്രവർഗക്കാർക്കു ബഹുഭൂരിപക്ഷമുള്ള ഏതാനും ജില്ലകൾ 'ബോഡോലാൻഡ്'' എന്ന പേരിൽ ഒരു പ്രത്യേക സംസ്ഥാനമായി വേർതിരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖില–ബോഡോ വിദ്യാർത്ഥി യൂണിയൻ (എ. ബി. എസ്. യു.) നടത്തിവരുന്ന അക്രമാസക്തമായ സമരം 1989 ഏപ്രിൽ 20–ാം തീയതി പാർലമെൻറിൽ ചർച്ചാവിഷയമായി. അക്രമങ്ങൾ വ്യാപകമാവുകയും ഉത്തര–പൂർവ പ്രദേശത്തു് അത്യാവശ്യ വസ്തുക്കൾ എത്തിക്കുക പ്രയാസമായിത്തീരുകയുംചെയ്യതിനെ തുടർന്ന് കേന്ദ്ര ഗവണ്മെൻറ് നാല്പത്തൊമ്പതു കമ്പനി പട്ടാളത്തെ സമാധാനപാലനത്തിന് അസമിലേക്ക് അയച്ചിട്ടുണ്ട്. ബോഡോകളുടെ സമരത്തെ ഒരു ക്രമസമാധാനപ്രശ്നമായി കാണരുതെന്നും സ്വന്തം സംസ്ഥാനത്തിൽ രണ്ടാംകിട പൗരന്മാർ എന്ന സ്ഥാനമേ തങ്ങൾക്കുള്ളു എന്ന ബോഡോകളുടെ ആവലാതി പരിഹരിക്കുന്നതിന് അസം ഗവണ്മെൻറ് അവരുമായി രാഷ്ട്രീയതലത്തിൽ കൂടിയാലോചന നടത്തണമെന്നും കേന്ദ്ര ആഭ്യന്തരവകുപ്പിലെ സ്റ്റേററ് മന്ത്രിയായ സന്തോഷ് മോഹൻദേവ് പാർലമെൻറിൽ പ്രസ്താവിച്ചു. അസം സംസ്ഥാനത്തെ ഇനിയും വിഭജിക്കുന്നതിന് കേന്ദ്രഗവണ്മെൻറ് എതിരാണെന്ന് ശ്രീ ദേവ് ഉറപ്പിച്ചുപറഞ്ഞു. നാഗാലാൻഡ് (1963), മേഘാലയ (1972), ത്രിപുര (1972), മിസോറം (1986), അരുണാചൽപ്രദേശ് (1986) എന്നീ സംസ്ഥാനങ്ങൾ അസമിൻെറ ഭാഗങ്ങളായിരുന്നു എന്ന വസ്തുത ഈ സന്ദർഭത്തിൽ ഓർമിക്കേണ്ടതാണ്.

ആരാണ് ബോഡോകൾ? എന്തുകൊണ്ടാണ് അവർ തങ്ങൾക്കൊരു വ്യത്യസ്ത സംസ്ഥാനം വേണമെന്ന് ആവശ്യപ്പെടുന്നത്?